**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.949.** **04.03.2020 ൽ മറുപടിയ്ക്ക്**

**വിമുക്തി-ഡീ അഡിക്ഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.വി. അൻവർ. | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നിലമ്പൂർ ജില്ല ആശുപത്രിയിൽ എക്സൈസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിമുക്തി ഡീ അഡിക്ഷൻ സെന്ററിന്റെ ഇത് വരെയുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന എക്സൈസ് വിമുക്തി ഡീ-അഡിക്ഷൻ സെന്ററിൽ ഒരു വർഷത്തേയ്ക്കുള്ള കരാറടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് മുഖാന്തിരം നിയമിച്ച 7 ജീവനക്കാരും, താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട 4 ജീവനക്കാരും അടക്കം ആകെ 11 ജീവനക്കാർ ജോലി ചെയ്തുവരുന്നു. നിലവിൽ 11 കിടക്കസൗകര്യമാണ് ടി സെന്ററിലുള്ളത്. എക്സൈസ് വകുപ്പും മറ്റു സന്നദ്ധ സംഘടനകളും രോഗികളുടെ കുടുംബാംഗങ്ങളും മുഖാന്തിരം ടി ഡീ-അഡിക്ഷൻ സെന്ററിൽ എത്തപ്പെടുന്ന രോഗികൾക്ക് ആവശ്യമായ ചികിത്സയും കൗൺസിലിംഗും മരുന്നുകളും അടക്കമുള്ള സേവനങ്ങൾ ടി സെന്ററിൽ നൽകി വരുന്നു. ടി സെന്ററിൽ നാളിതുവരെ 2643 പേർ ഒ.പി. വിഭാഗത്തിലും 221 പേർ ഐ.പി വിഭാഗത്തിലും ചികിത്സ തേടിയിട്ടുണ്ട്. കൂടാതെ ടി സെന്ററിൽ നിന്നും ചികിത്സ കഴിഞ്ഞുപോയ രോഗികളുടെ കൂട്ടായ്മ എല്ലാ മാസവും സെന്ററിൽ നടത്തിവരുന്നു. ഡീ-അഡിക്ഷൻ സെന്ററിന്റെ നേതൃത്വത്തിൽ വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | രോഗികളുടെ ബാഹുല്യം കാരണം നിലമ്പൂർ ഡീ അഡിക്ഷൻ സെന്ററിൽ കൂടുതൽ ജീവനക്കാരേയും, സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ആശുപത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടിക്രമങ്ങളും നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഡീ അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നതിന് എത്ര രൂപയാണ് പ്രതിമാസം വകുപ്പ് ചിലവഴിക്കുന്നത്; ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ടി സെന്ററിലെ ജീവനക്കാർക്ക് ശമ്പള ഇനത്തിൽ മാത്രം 3,29,150/- രൂപ പ്രതിമാസം എക്സൈസ് വകുപ്പ് മുഖാന്തിരം അനുവദിച്ചുനൽകുന്നു. കൂടാതെ 2019 ഒക്ടോബർ മുതൽ നാളിതുവരെ മരുന്നിനും മറ്റുമായി 70,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ